## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6125** **07.11.2016 ൽ മറുപടിയ്ക്ക്**

## പച്ചത്തേങ്ങ സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.വി. വിജയദാസ്** | | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ പച്ചത്തേങ്ങ സംഭരിക്കുമ്പോൾ ഒരു കിലോയ്ക്ക് എത്ര രൂപയാണ് നൽകി വരുന്നത്; ആയത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | നിലവിൽ ഒരു കിലോയ്ക്ക് 25 രൂപയാണ് നൽകി വരുന്നത്. 2016-17 ബഡ്ജറ്റിൽ തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 27/- രൂപയായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംഭരിച്ച പച്ചത്തേങ്ങയുടെ വില മുഴുവനും കർഷകർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ബി) | ഇല്ല. ഈ സർക്കാർ വന്ന ശേഷം നാളികേരം സംഭരിച്ചയിനത്തിൽ 58.90 കോടി രൂപ കർഷകർക്ക് ഇതുവരെ നൽകിയിട്ടുണ്ട്. കർഷകർക്ക് നൽകാൻ ഇപ്പോൾ ബാക്കി നിൽക്കുന്ന കുടിശ്ശിക തുക 77.55 കോടി രൂപയാണ്. സംഭരണ വിലയിലുള്ള കൂടുതൽ കാരണം ഉണ്ടായ നഷ്ടം നികത്തപ്പെടുത്തുന്നതിനും കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുമുള്ള വിവിധ നിർദ്ദേശങ്ങളുടെ പ്രയോഗികത പരിശോധിച്ച് വരികയാണ്. ഫണ്ട് ലഭ്യമാക്കി കുടിശ്ശിക കൊടുത്തു തീർക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത് |

**സെക്ഷൻ ഓഫീസർ**